ഇറയം റിസർച്ച് ജേർണൽ

September - December 2022 Volume VI Issue 3

# കുഞ്ചൻ നമ്പ്യാർ: മലയാളത്തിലെ ആദ്യ ആധുനികൻ

ശിവപ്രസാദ് പി.

**താക്കോൽ വാക്കുകൾ:**

തുള്ളൽ, ആധുനികവത്കരണം, പൊതുമണ്ഡലം

**സംഗ്രഹം:**

കേരളത്തിന്റെ ആധുനികവത്കരണം പത്തൊമ്പതാം നൂറ്റാണ്ടിലെ നവോത്ഥാനം, വിദ്യാഭ്യാസം, മാധ്യമങ്ങൾ, ഗദ്യവികാസം എന്നിങ്ങനെയുള്ള ഘടകങ്ങളോട് ചേർത്ത് മനസ്സിലാക്കാനുള്ള ശ്രമങ്ങളാണ് ധാരാളമായി നടന്നിട്ടുള്ളത്. പൊതുമണ്ഡലംപോലുള്ള സങ്കല്പനങ്ങളും ഇക്കാലത്തോട് ചേർത്ത് പഠിക്കപ്പെട്ടിട്ടുണ്ട്. ഭാഷാപരമായ സ്വത്വപ്രകാശനത്തിന്റെ കർതൃത്വമാവട്ടെ എഴുത്തച്ഛനിലാണ് നല്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതിനിടയിൽ കേരളത്തെയും ഭാഷയെയും വിശാലവും ജനായത്തവുമായ അർഥത്തിൽ വിഭാവനം ചെയ്യുന്നതും അഭിസംബോധന ചെയ്യുന്നതും കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ തുള്ളൽ കൃതികളുമാണ്. പൊതുമണ്ഡലം, മനുഷ്യാന്തസ്സ് എന്നിങ്ങനെയുള്ള ആശയങ്ങളെ സൂക്ഷ്മത്തിൽ സ്വീകരിക്കുന്ന, അധികാരവിമർശത്തെ അവതരിപ്പിക്കുന്ന, സംവാദാത്മകമായ ഒരു രാഷ്ട്രീയബോധത്തെയും കലയേയും അദ്ദേഹം ആവിഷ്കരിക്കുന്നു.

രാമചരിതകാരൻ മുതൽ എഴുത്തച്ഛൻ വരെയുള്ളവർ തങ്ങൾ ജീവിച്ചിരുന്ന സവിശേഷമായ കാലങ്ങളുടെ ദാസരോ ചുരുങ്ങിയപക്ഷം വക്താക്കളോ ആയിരുന്നു എന്നതിൽ തർക്കമുണ്ടാകാൻ ഇടയില്ല. രാജത്തവും വർണാശ്രമ സാമൂഹികതയും അതിലടങ്ങിയിരുന്ന അധികാരബന്ധങ്ങളും ഈ കവികളിൽ ശക്തമായിതന്നെ പ്രവർത്തിക്കുന്നത് കാണാം. ആധുനികമലയാളത്തിന്റെ പിതൃസ്ഥാനത്തിന് എഴുത്തച്ഛൻ യോഗ്യനാവുന്നതുപോലും ഈ അധികാരരൂപങ്ങളുടെ തുടർച്ചയായാണ് ആധുനികമലയാളം പരിണമിച്ചത് എന്നതിലാണ്. വരേണ്യവും പ്രബലവുമായ സാമൂഹികശ്രേണീരൂപങ്ങളെ സ്വാഭാവികമാക്കിയും മാനകീകരിച്ചും സാധാരണമാക്കിയുമാണ് ഭാഷ എഴുത്തച്ഛന്റെ തുടർച്ചയെ ഉറപ്പിച്ചെടുത്തത്. ഇടുങ്ങിയതും ജാതീയവുമായിരുന്ന

കേരളീയസമൂഹത്തിലെ ശക്തികേന്ദ്രങ്ങൾക്ക് സ്വീകാര്യമായ ഭാഷാക്രമം എഴുത്തച്ഛൻ നടപ്പിലാക്കി എന്ന് കാണാം. ആക്ഷരികമായിതന്നെ കേരളീയതയെ പ്രതിനിധീകരിച്ച കവിയാണ് എഴുത്തച്ഛൻ. എന്നാൽ എഴുത്തച്ഛനിൽനിന്ന് വ്യത്യസ്തമായതും ശരിയാംവിധം ആധുനികമായതുമായ ഒരു പുതിയ സാമൂഹികതയെ സങ്കല്പിക്കാൻ മലയാളത്തിൽ ഒരാളുണ്ടായിരുന്നു എന്നത് ഇന്ന് അത്ഭുതത്തോടെമാത്രം തിരിച്ചറിയാനാവുന്ന വസ്തുതയാണ്. കുഞ്ചൻ നമ്പ്യാർ എന്നയാൾ കവിയും കലാകാരനും മാത്രമായിരുന്നില്ല എന്നതാണ് വസ്തുത. കേരളീയതയോട് ആധുനികമായ ഒരു ധൈഷണികതയോടെ, സവിശേഷമായ ഭാഷയോടെ സംവദിക്കാനെത്തിയ ആദ്യത്തെ ചിന്തകൻ കുഞ്ചൻ നമ്പ്യാരായിരുന്നു.

മലയാളത്തിന്റെ സ്വത്വവും ഭാഷയും ആധുനികമായതും തമിഴിൽനിന്നും സംസ്കൃതത്തിൽനിന്നും വ്യത്യസ്തമായതുമായി പരിണമിച്ചുവന്നത് ഏതെങ്കിലും ഒരു വ്യക്തിയിൽ, ഒരു കാലത്തിൽ സംഭവിക്കുന്നതല്ല. അതിന് ക്രമികമായ ഒരു തുടർച്ചയുണ്ട്. എഴുത്തച്ഛന്റെ നിർണ്ണായകമായ ഇടപെടൽ അംഗീകരിക്കുമ്പോഴും കേരളീയമായ ദേശീയതയേയും സാംസ്കാരികതയേയും പൂർണ്ണമായ അർഥത്തിൽ പ്രതിനിധീകരിക്കാനോ അപ്രകാരമൊരു ഭാഷ രൂപീകരിച്ചെടുക്കാനോ ആ ഇടപെടലിലൂടെ കഴിഞ്ഞിട്ടില്ല എന്നത് കാണാതിരിക്കാനാവില്ല. വരേണ്യവും സാമൂഹികമായ അക്കാലത്തെ അധികാരശ്രേണിക്ക് ഇണങ്ങുന്നതായിരുന്നു അതിന്റെ സാമാന്യസ്വഭാവം. ഈ പ്രത്യേകതയാകണം മാനകീകരണം മുതൽ നാളിതുവരെയും ഭാഷയിൽ പ്രവർത്തിച്ചു വരുന്നത്. ഇതിനിടയിൽ കുഞ്ചൻ നമ്പ്യാരും തുള്ളൽ കൃതികളും അതിന്റെ അവതരണങ്ങളും നിർവഹിച്ച അധികാരവിമർശത്തിലൂന്നിയ ആധുനികവത്കരണശ്രമങ്ങൾ വേണ്ടത്ര അംഗീകരിക്കപ്പെട്ടിട്ടില്ല. അതിന് സാർഥകമായ തുടർച്ചകളും ഇല്ലാതെപോയി. ഇതുണ്ടാക്കിയ സാമൂഹികമായ നഷ്ടം വർത്തമാനകാലംപോലും അനുഭവിക്കുന്നുണ്ട് എന്നതാണ് വസ്തുത. കൊട്ടാരങ്ങളിലോ പ്രഭുകുടുംബങ്ങളിലോ കോവിലകങ്ങളിലോ പാർപ്പുറപ്പിക്കാൻ സാധിച്ച നമ്പ്യാർക്ക് അവിടങ്ങളിലെ അധികാരവ്യവസ്ഥയും അവയുടെ തണലിൽ ഉണ്ടുറങ്ങുന്ന ഇതരവിഭാഗങ്ങളേയും അടുത്തറിയാൻ കഴിഞ്ഞു. അധാർമ്മികവും പരിഹാസ്യവുമായ ആ ജീവിതാഭാസങ്ങൾ നമ്പ്യാരിൽ ചിരിയും ചിന്തയും ഉണർത്തിയിരിക്കണം. തന്റെ ജീവിതവും ദർശനവും ഈവഴിയിൽതന്നെ ആയിത്തീരാതിരിക്കാൻ സാഹസിയായും തന്റേടിയായും മറ്റൊരു

കാവ്യജീവിതം മെനയാൻ നമ്പ്യാർ ധൈര്യം കാണിച്ചു. അധികാരത്തിന് പ്രിയംപറയാൻ ഭാവമില്ല എന്നദ്ദേഹം നിസ്സംശയം നിലപാടെടുക്കുന്നത് അങ്ങനെയാണ്. തുള്ളൽ വെറുമൊരു കലാരൂപമല്ല, മറിച്ച് ഭാഷയേയും ദേശത്തേയും ആധുനികവത്കരിക്കാൻ രൂപപ്പെട്ട സാമൂഹികമുന്നേറ്റം തന്നെയായിരുന്നു.

തുള്ളലിന്റെ രൂപംതന്നെ സംവാദാത്മകമാണ്. കൂടിയാട്ടത്തിന്റെയും ആട്ടക്കഥയുടെയും ചാക്യാർകൂത്തിന്റെയുംപോലും സങ്കേതബദ്ധമായ രീതികളിൽനിന്ന് തുലോം വ്യത്യസ്തമാണത്. സജീവമായതും ആത്മാർഥമായതുമായ പങ്കാളിത്തവും കൂട്ടുത്തരവാദിത്തവും പ്രേക്ഷകരിൽനിന്ന് ആവശ്യപ്പെടുന്നു എന്നതാണ് തുള്ളലിന്റെ അനന്യത. മലയാളത്തിലെ, കേരളത്തിലെ അക്കാലത്തെ (പതിനെട്ടാം നൂറ്റാണ്ട്) നാടോടിക്കലാരൂപങ്ങളിൽമാത്രമാണ് സാമാന്യമായെങ്കിലും ഈ ഘടകങ്ങളിൽ ചിലത് കാണാനാവുന്നത്. അവയാകട്ടെ വ്യാപകമായതോ പ്രഹരശേഷിയുള്ളതോ ആയ സാമൂഹികവിമർശനങ്ങളെ സാധ്യമാക്കിയിരുന്നുമില്ല. പൊതുമണ്ഡലമോ പൊതുത്വമോപോലും അന്യമായിരുന്ന ശ്രേണീകൃതമായ സാമൂഹികതയിലേക്കാണ് സൂക്ഷ്മവും ലക്ഷ്യവേധിയുമായ വിമർശനങ്ങളുമായി നമ്പ്യാർ സരസതയോടെ കടന്നുവരുന്നത്. പ്രേക്ഷകരുടെ ഭാവങ്ങളും ചലനങ്ങളും അതത് സമയങ്ങളിൽതന്നെ ഏറ്റെടുക്കാനും അവകൂടി രസപ്രധാനമായ തന്റെ അവതരണസാമഗ്രിയാക്കി പരിവർത്തിപ്പിക്കാനും തുള്ളൽക്കാരൻ പുലർത്തുന്ന ശ്രദ്ധയും സാമർഥ്യവും തുള്ളലിനെ ലോകോത്തര കലാരൂപമാക്കുന്നു. ഒരേസമയം തന്മയീകരണവും അന്യവത്കരണവും സാധ്യമാക്കുന്ന ഈ കലാരൂപം മലയാളത്തെ സംബന്ധിച്ചും വിശാലാർഥത്തിൽ ഇന്ത്യയെ സംബന്ധിച്ചുതന്നെയും അത്ഭുതമായിരിക്കുന്നത് കാണാം.

മറ്റൊരു വലിയ പ്രത്യേകത അത് ഉൾകൊള്ളുന്ന വിമർശനസ്വഭാവമാണ്. രാജത്വം നിലനില്ക്കുന്ന, കൃത്യവും പ്രത്യക്ഷവുമായ അധികാരരൂപങ്ങൾ കർക്കശസ്വഭാവത്തിൽ പ്രവർത്തിച്ചിരുന്ന ഒരു സമൂഹത്തിൽ ഭാഷകൊണ്ടോ കലകൊണ്ടോ വിമർശനങ്ങൾ ഉന്നയിക്കുക എന്നത് സാഹസമായിരുന്നു എന്നത് ഓർക്കേണ്ടതുണ്ട്. മാത്രമല്ല, വിമർശനം എന്നത് സാമാന്യവും പ്രത്യക്ഷവുമായ അർഥത്തിൽ മലയാളത്തിന് (ദേശം എന്ന നിലയിലും ഭാഷ എന്ന നിലയിലും) അപരിചിതമായ വ്യവഹാരമായിരുന്നു. നാടോടിക്കലാരൂപങ്ങളിൽ സൂക്ഷ്മാർഥത്തിൽ

വിമർശനമുണ്ടായിരുന്നു എന്ന് കാണാമെങ്കിലും അവ പരിമിതമായതും താരതമ്യേന ഗോപ്യമായതുമായ രൂപഭാവങ്ങളിൽ ഒതുങ്ങിനിന്നു. ജനകീയമായതും അധികാരവർഗത്തിനുപോലും അവഗണിക്കാൻ ആകാത്തതുമായ ഒരു വിമർശനരൂപം ആദ്യമായി അവതരിപ്പിക്കപ്പെടുന്നത് തുള്ളലിലൂടെയാണ്. അത് പ്രമേയംകൊണ്ട് ചരിത്രത്തേയും അവതരണംകൊണ്ട് സമകാലികതയേയും ഒരുപോലെ വിമർശനവിധേയമാക്കി. കേരളത്തിന്റെ ആധുനികവത്കരണവും ജനായത്തവത്കരണവും പതിനെട്ടാം നൂറ്റാണ്ടിൽ നമ്പ്യാരിലൂടെ, തുള്ളലിലൂടെയാണ് തുടങ്ങുന്നതെന്ന് നിരീക്ഷിച്ചാൽ അപാകമുണ്ടാകുമെന്ന് കരുതുന്നില്ല. കേരളംകണ്ട ആദ്യത്തെ ആധുനികനായ ധൈഷണികൻ എല്ലാ അർഥത്തിലും കുഞ്ചൻ നമ്പ്യാരാണ്.

ജനിച്ച കാലവും ജീവിച്ച പരിസരവും നമ്പ്യാർക്ക് സമൂഹത്തിലെ അധികാരരൂപങ്ങളുടെ ശരിയായ പ്രവർത്തനരീതികളെ മനസ്സിലാക്കാൻ ഉപകാരപ്പെട്ടു. കേരളത്തിൽതന്നെയുള്ള വ്യത്യസ്ത ദേശങ്ങളിലെ രാജസദസ്യനായി ഉപജീവിച്ച നമ്പ്യാർ പുരാണകഥകൾ പഠിച്ചും പരിചയിച്ചും കളിച്ചുകണ്ടുമാണ് വളർന്നത്. കഥകളിലും ജീവിതത്തിലും അധികാരം ജാതീയവും സാമൂഹികമായ ശ്രേണീകരണത്തിലും അടിമുടി വ്യാപിച്ചിരിക്കുന്നത് നമ്പ്യാർ മനസ്സിലാക്കി. ആട്ടക്കഥയുടെയും ചമ്പുക്കളുടേയും കൂത്തിന്റെയും ആസ്വാദനവും ധർമ്മവും ഈ അധികാരരൂപങ്ങളെ സൂക്ഷ്മമായി സംരക്ഷിക്കുന്നതാണെന്നും അവ സമൂഹത്തിലെ ഉപരിവർഗങ്ങളെമാത്രം തൃപ്തിപ്പെടുത്തുന്നതാണെന്നും തിരിച്ചറിയുന്നിടത്താണ് തുള്ളലിന്റെ സാധ്യത തെളിയുന്നത്. വെല്ലുവിളികൾ ഏറെയായിരുന്നു നമ്പ്യാർക്കുമുന്നിൽ എന്ന് കാണാം. തള്ളിക്കളയാനാവാത്ത ഒരു കലാരൂപമായി തുള്ളലിനെ സ്ഥാപിച്ചെടുക്കുക എന്നതുതന്നെ പ്രധാനം. നിലവിലുള്ള കൂത്ത്, ആട്ടം (കഥകളി) എന്നിവയിൽനിന്ന് വ്യത്യസ്തവും മൗലികവുമായ അസ്തിത്വം പുതിയ കലാരൂപത്തിന് അനിവാര്യമായിരുന്നു. പ്രേക്ഷകർ എന്ന സ്വത്വനിലയില്ലാത്തവരും ഇതുവരേയും ഇത്തരം കലാരൂപങ്ങളിലേക്കോ ആയതുകളുടെ അവതരണയിടങ്ങളിലേക്കോ പ്രവേശനം ലഭിക്കാത്തതുമായ ജനവിഭാഗങ്ങളെ ഉൾകൊള്ളിക്കുക എന്നത് മറ്റൊരു പ്രതിസന്ധിയായിരുന്നു. ഭാഷയും രൂപവും ഇപ്രകാരം രൂപപ്പെട്ടുവരുന്ന പുതിയൊരു പൊതുമണ്ഡലത്തിനുകൂടി മനസ്സിലാക്കാനും ഇടപെടാനും പറ്റുന്നതാവുക എന്നതും

വെല്ലുവിളികളിൽ പ്രധാനപ്പെട്ടതായിരുന്നു. ഒരു വെടിക്ക് അധികാരത്തിന്റെ പലരൂപങ്ങളിൽ വിള്ളലുണ്ടാക്കുവാൻപറ്റിയ തുള്ളൽ എന്ന കലാരൂപം ഈവിധം സംഘർഷാത്മകമായ ഘട്ടങ്ങളെ സാർഥകമായി മറികടന്നതിന്റെ ഫലംകൂടിയാണ്.

ഭാഷാപരമായി മണിപ്രവാളവും പാട്ടുമൊക്കെ സമന്വയിക്കപ്പെട്ടുകഴിഞ്ഞ കാലമാണ് പതിനെട്ടാം നൂറ്റാണ്ടെന്ന് കാണാം. എഴുത്തച്ഛൻ ഈ സമന്വയത്തിന്റെകൂടി പിതാവാണ്. പാട്ടിന്റെ വൃത്തവിശേഷമൊഴിച്ചുള്ള വിശേഷങ്ങളെല്ലാം എഴുത്തച്ഛനുമുമ്പുതന്നെ കൊഴിഞ്ഞുവീണിരുന്നു. ഉത്തമ മണിപ്രവാളത്തിന്റെ നിർവചനത്തോട് ചേർന്നുനില്ക്കുന്ന ഒരു ഭാഷാരൂപമാണ് എഴുത്തച്ഛൻ സ്വീകരിക്കുന്നതും ക്രമപ്പെടുത്തുന്നതും. പാട്ട് പൂർണാർഥത്തിൽ വൃത്തത്തിൽ (വട്ടത്തിലും) ഒതുങ്ങുന്നതാണ് കാണുക. എഴുത്തച്ഛൻ ക്രമപ്പെടുത്തിയ ഭാഷയെ നമ്പ്യാർ അട്ടിമറിയ്ക്കുന്നുണ്ട് എന്ന് പറയാനാവില്ല. എങ്കിലും അതിന്റെ ക്രമം/ഘടന കൂടുതൽ ജനായത്തരീതിയിൽ വിപുലീകരിക്കാനും എഴുത്തച്ഛനുപോലും അസ്പൃശ്യമായ മലയാളങ്ങളെ ആവിഷ്കരിക്കാനും നമ്പ്യാർ തയ്യാറായി. എഴുത്തച്ഛനില്ലാതിരുന്ന ചാരുകേരളഭാഷ നമ്പ്യാർ തന്റെ ആയുധവും ആമുഖവും രൂപവുമാക്കുന്നത് അങ്ങനെയാണ്. ഭടജനങ്ങളുടെ പടയണിയാണ് ഇനി ഈ സമൂഹത്തിൽ നിർണ്ണായകമാകേണ്ടത് എന്ന് നമ്പ്യാർ തീരുമാനിക്കുന്നതിൽ സൂക്ഷ്മാർഥത്തിൽ ജനായത്തത്തെ ദർശിക്കാം. കൂടുതൽ മനുഷ്യർ ഒന്നിക്കുന്ന ഒരിടം, പൊതുമണ്ഡലം എന്ന് വിളിക്കാവുന്ന ഒരു പുതിയ സ്ഥലരാശി നമ്പ്യാർ നിർമ്മിച്ചെടുക്കാൻ ശ്രമിക്കുന്നത് കാണാം. അതിന് തന്റെ ഭാഷ സാമാന്യജനങ്ങൾക്ക് മനസ്സിലാവുന്നതും അതേസമയം സർഗസമ്പന്നവും ആകണമെന്ന നിഷ്കർഷ നമ്പ്യാരിലുണ്ട്. തുള്ളലിനെ മലയാളത്തിന്റെ ഏറ്റവും വിശാലമായ പദകോശഭൂമികയാക്കുന്നത് ഈ നിഷ്കർഷയുടെയും ജനായത്തചിന്തയുടേയും ഫലമായുണ്ടായ അധ്വാനമാണ്.

സാമൂഹികമായി പതിനെട്ടാം നൂറ്റാണ്ടിന്റെ ചിത്രമെന്തായിരുന്നു എന്നതും ഈ നിഗമനങ്ങളെ സംബന്ധിച്ച് പ്രധാനമാണ്. കേരളം എന്ന ദേശസങ്കല്പത്തിന്റെ ആദ്യചുവടുകൾക്കാണ് നൂറ്റാണ്ട് സാക്ഷിയായത്. ചെറിയ നാട്ടുരാജ്യങ്ങളെ വെട്ടിപ്പിടിച്ച് തിരുവിതാംകൂർ സ്ഥാപിക്കപ്പെടുന്നത് ഈ നൂറ്റാണ്ടിലാണ്. നൂറ്റാണ്ടിന്റെ പകുതിയിൽ കുളച്ചൽയുദ്ധം (1741) വിജയിക്കുന്നതോടെ തിരുവിതാംകൂർ സൈനികമായി ശക്തിപ്പെടുന്നതുകാണാം. 1750 ൽ തൃപ്പടിദാനംകൂടി കഴിയുന്നതോടെ മറ്റ് ക്ഷേത്രങ്ങളുടെയും

അതിന്റെ അധികാരികളായിരുന്നവരുടേയും വിശേഷാധികാരങ്ങൾ ക്ഷയിക്കുകയും ഇവകളെ ആശ്രയിച്ച് കഴിഞ്ഞിരുന്നവരുടെ നിലനില്പുപോലും പരുങ്ങലിലാവുകയും ചെയ്തു. നമ്പൂതിരിമാരും പ്രഭുക്കളുമൊക്കെ അധികാരികളായിരുന്ന ഫ്യൂഡൽഭരണവും സാമാന്യമായി ഇല്ലാതായി. സാമൂഹികവും സാംസ്കാരികവുമായ ഇത്തരം അനവധി വ്യവസ്ഥാവ്യതിയാനങ്ങൾക്ക് സാക്ഷ്യംവഹിച്ച നൂറ്റാണ്ട് കലാരംഗത്തും അതിന്റെ പ്രതിഫലനങ്ങളെ അടയാളപ്പെടുത്തി. കൂടിയാട്ടവും കൂത്തും ആട്ടവും കലകളെന്ന നിലയിൽ പ്രത്യേകവിഭാഗം മനുഷ്യരെ അഭിസംബോധന ചെയ്തപ്പോൾ തുള്ളലിന് ഒരു ജനകീയബദൽ നിർമ്മിക്കാനും സാധാരണക്കാർക്കിടയിൽ വലിയതോതിൽ സ്വാധീനം ചെലുത്താനും കഴിഞ്ഞു. നിരക്ഷരരേയും നിരാലംബരേയും അധികാരനിലകളിൽ സ്ഥാനമില്ലാത്തവരേയും ഉൾകൊള്ളുന്ന, അഭിസംബോധന ചെയ്യുന്ന ഭാഷയോടെയും രൂപത്തോടെയും തുള്ളൽ അതിന്റെ വഴി വിപുലീകരിച്ചു. കഥ അഥവാ പ്രമേയം പൗരാണികം ആയിരിക്കുമ്പോഴും അതിന്റെ കലാപരമായ സ്ഥലം കേരളമായിരിക്കുവാൻ നമ്പ്യാർ ശ്രദ്ധവെച്ചു. തന്റെ ചുറ്റുമുള്ള ഏതൊരു വിഷയവും ഈ പ്രമേയരൂപത്തിലേക്ക് അനായാസം ഇണക്കിച്ചേർക്കാനും സാധാരണക്കാരനോട് വിനിമയിക്കാവുന്ന ഭാഷയിൽ അത് ആവിഷ്കരിക്കാനും തുള്ളലിന് കഴിഞ്ഞു. കൂത്തിന്റെ പ്രത്യേകതയായ (പരി)ഹാസം അതിന്റെ തീക്ഷ്ണവും സാർഥകവുമായ സ്വഭാവവിശേഷങ്ങളോടെ നമ്പ്യാർ തുള്ളലിലേക്ക് സ്വീകരിച്ചു. അനവധിയായ നാടൻ കലാരൂപങ്ങളെ അവയുടെ ജാതീയമായ സ്വത്വങ്ങളോടെയും വ്യതിരിക്തതകളോടെയും തുള്ളലിലേക്ക് സന്നിവേശിപ്പിച്ചു. അപ്രകാരം പുതിയൊരു രൂപം തുള്ളലിന് കൈകൊള്ളാനുമായി.

നമ്പ്യാരുടെ തുള്ളൽ പൂർണ്ണാർഥത്തിൽ കേരളീയമായിരുന്നു. അക്കാലത്ത് ഇതര കലാരൂപങ്ങൾക്ക് ആവിഷ്കരിക്കാനോ വിഭാവനം ചെയ്യാനോ കഴിയാത്തവിധം കേരളത്തിന്റെ വിശാലഭൂമിക തുള്ളലിലേയ്ക്ക് തുള്ളിനിറഞ്ഞു. പതിനെട്ടാം നൂറ്റാണ്ടിലെ സാമൂഹികജീവിതം ഇക്കാലത്ത് ഒരു വ്ലോഗർ ക്യാമറയിൽ പകർത്തുന്നതുപോലെ നമ്പ്യാർ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. ദരിദ്രരും ജാതിക്കോമരങ്ങളും അല്പന്മാരും അധികാരത്തിന്റെ മത്തുപിടിച്ചവരും മാത്രമല്ല, ഭക്ഷണം, വസ്ത്രം, ജീവിതരീതികൾ എന്നിങ്ങനെ വിശാലമായിത്തന്നെ കേരളത്തെ രേഖപ്പെടുത്തിവെക്കാൻ തുള്ളലിലൂടെ നമ്പ്യാർക്ക് കഴിഞ്ഞിട്ടുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാണ് മിഷണറിമാരും പത്രമാധ്യമങ്ങളും വിദ്യാഭ്യാസമുന്നേറ്റവും നവോത്ഥാനവും ചേർന്ന് കേരളത്തിന്റെ ആധുനികവത്കരണത്തിൽ നിർണ്ണായകമായത് എന്ന് സാമാന്യമായി അംഗീകാരം കിട്ടിയ കാര്യമാണ്. പൊതുമണ്ഡലം എന്ന സങ്കല്പനവും ഈ കാലത്തോട് ചേർത്താണ് പരാമർശിച്ചും പഠിച്ചും പോരുന്നത്. വസ്തുതാപരമായി വിശാലാർഥത്തിൽ പൊതുമണ്ഡലം കേരളീയസന്ദർഭത്തിൽ സാധ്യമായിട്ടുണ്ടോ എന്നത് മറ്റൊരു തർക്കവിഷയമാണെങ്കിലും അങ്ങനെയൊന്നിന്റെ ബീജാവാപം നടന്നിട്ടുള്ളത് പതിനെട്ടാം നൂറ്റാണ്ടിലാണ് എന്ന് കാണാം. നമ്പ്യാരാണ് അതിന്റെ അമരത്തുള്ളത്. സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട മനുഷ്യരെ ഒന്നിപ്പിക്കുന്ന, സർഗാത്മകവും ജനായത്തവുമായ ഒരു പുതിയ സ്ഥലം കേരളത്തിൽ ആദ്യമായി നമ്പ്യാരാണ് തുള്ളലിലൂടെ നിർമ്മിച്ചത്. മാത്രമല്ല, ഈ സ്ഥലം ആഘോഷത്തിന്റെയും കാർണിവൽ സ്വഭാവമുള്ള ഒരുതരം പ്രതിഷ്ഠാപനത്തിന്റെയും സർഗഭൂമികയായിരുന്നു. ക്ഷേത്രമതിലിനുള്ളിലെ പരിമിതവും വലിയവിഭാഗം മനുഷ്യരെയും പുറന്തള്ളിയിരുന്നതുമായ ഇടങ്ങളിൽനിന്ന് ഉത്സവപ്പറമ്പുകളുടെ കലർപ്പിലേക്കാണ് തുള്ളൽവേദി ഉയർന്നത്. ഇവിടങ്ങളിൽ സ്വാതന്ത്ര്യബോധത്തോടെ തന്നെതന്നെ ആവിഷ്കരിക്കാനും കണ്ടെത്താനും അതിലൂടെ സ്വത്വബോധത്തിലേക്ക് ചെറിയ നേരങ്ങളിലെങ്കിലും ഉയരാനും ശ്രമിച്ച സാധാരണ മനുഷ്യരോടാണ് തുള്ളൽക്കാരൻ സംവദിച്ചത്. ഈ ജനങ്ങളുടെ നാവാവുകയാണ് തുള്ളലിന്റെ ധർമ്മം. ഈ മനുഷ്യരുടെ പക്ഷത്തുനിന്ന് അധികാരത്തിന്റെ ദുഷിപ്പുകളെ, അതിന്റെ പൊങ്ങച്ചങ്ങളേയും അല്പത്തരങ്ങളേയും ചേർത്ത് വിമർശിക്കുന്നതിലൂടെ ആദ്യത്തെ സാമൂഹികവിമർശം തുള്ളൽ സാധ്യമാക്കിയെന്ന് പറയാം. ആധുനികബോധമുള്ള ഒരു സമത്വസമൂഹത്തെ തുള്ളലിലൂടെ നമ്പ്യാർ വിഭാവനം ചെയ്തിരുന്നു എന്നതാണ് സൂക്ഷ്മയാഥാർഥ്യം. തമ്മിൽ മിണ്ടാനും സംവദിക്കാനും മാന്യമായി ജീവിക്കാനും ഏതൊരു മനുഷ്യനും അവകാശമുണ്ടെന്ന് പറഞ്ഞു വെയ്ക്കുന്നതിലൂടെ രാഷ്ട്രീയമായും സാംസ്കാരികമായും നമ്പ്യാർ നവോത്ഥാനത്തിന്റെ കൊടിക്കൂറയാണ് പാറിക്കുന്നത്. കവിത്രയത്തിലെ മികച്ച കവിയും മികച്ച ചിന്തകനും മികച്ച ഹാസകാരനും മാത്രമല്ല, മികച്ച ദാർശനികനും കലാകാരനും നിരൂപകനും സർവോപരി ആധുനികനുമായിരുന്നു കുഞ്ചൻ നമ്പ്യാർ.

ഗ്രന്ഥസൂചി:

ഗണേശ് കെ. എൻ., കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1996.

ഗോപാലകൃഷ്ണൻ പി. കെ., കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000

വസന്തൻ എസ്. കെ., നമ്മൾ നടന്ന വഴികൾ, മലയാളപഠനഗവേഷണകേന്ദ്രം, തൃശ്ശൂർ, 2011.

ശർമ്മ വി. എസ്., കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും, എൻ.ബി.എസ്. കോട്ടയം, 1978.